# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-26

M R S

V A D A S S E R I K A R A



## മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര പത്തനംതിട്ട

ഉപജില്ല :- പത്തനംതിട്ട റവന്യു ജില്ല :- പത്തനംതിട്ട

# ആമുഖം

സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ നവോദയ സ്കൂൾ മാതൃകയിൽ ഉന്നത നിലവാരമുള്ള റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം എടുത്തു. 1989-90 വർഷത്തിൽ ഡോ.അംബേദ്കർ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തിരു വനന്തപുരം ജില്ലയിൽ പെൺകുട്ടികൾക്കും വയനാട് ജില്ലയിൽ ആൺ കുട്ടികൾക്കുമായി ആദ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. 70 ശതമാനം പട്ടികവർഗ്ഗത്തിനും 20 ശതമാനം പട്ടികജാ തിക്കും 10 ശതമാനം ജനറൽ വിഭാഗത്തിനുമായി സീറ്റുകൾ ക്രമീ കരിച്ചിരിക്കുന്നു. ഒരു ക്ലാസിൽ 35 കുട്ടികൾക്കാണ് പ്രവേശനം ലഭി ക്കുക 1998-99 അധ്യായന വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ ആൺകുട്ടികൾക്കായി ഒരു ഗവ.എം. ആർ എസ്സ് ആരംഭിച്ചു.അഞ്ചാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെ അധ്യയനം നടത്തുന്ന ജില്ലയിൽ കടമ്മനിട്ട,ചിറ്റാർ എന്നീ സ്ഥലങ്ങ ളിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന ഈ സ്ഥാപനം 2005 മുതൽ വടശ്ശേരിക്കര പഞ്ചായത്തിൽ ബൗണ്ടറി എന്ന സ്ഥലത്ത് സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. -2004 അധ്യായന വർഷം ആദ്യ എസ്.എസ്.എൽ.സി ബാച്ച് പരീക്ഷ എഴുതി 100% വിജയം നേടി .

സ്കൂളിന്റെയും ഹോസ്റ്റലിന്റെയും ഭരണപരമായ നടത്തി പിനും ഭൗതികമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനും പട്ടിക വർഗ്ഗ വികസന വകുപ്പ് മേൽ നോട്ടം വഹിച്ചു വരുന്നു.. അധ്യാപകരെ വിദ്യാഭ്യാസ വകുപ്പും മറ്റു ജീവനക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പും നിയമനം നടത്തുന്നു. ഈ സ്കൂളുകളുടെ നടത്തിപ്പി നായി 1996 ൽ കേരള പട്ടിക ജാതി പട്ടിക വർഗ്ഗ എഡ്യൂക്കേഷൻ സൊസൈറ്റി രൂപികരിക്കുകയുണ്ടായി.

അതിൻ പ്രകാരം സ്കൂളുകളുടെ ഭരണം നിയന്ത്രിക്കുന്നത സംസ്ഥാനതലത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ (പ്രിൻസിപ്പിൾ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഗവേണിംഗ് ബോഡിയും ജില്ലാതലത്തിൽ ജില്ലാകലക്ടർ അദ്ധ്യക്ഷനായുള്ള ഒരു എക്സി കീട്ടവ കമ്മറ്റിയുമാണ് .കൂടാതെ സ്ഥലം എം.എൽഎയുടെ അധ്യക്ഷതയിൽ എം.ആർ.എച്ച് ഉപദേശക സമിതിയും രൂപിക രിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ നടത്തുന്ന പൊതുപ്രവേശന പരീക്ഷയിലൂടെ ആണ് കുട്ടികളെ തെരഞ്ഞെടുക്കുക. ഒഴിവ വരുന്ന സീറ്റുകളിലേയ്ക്ക് വകുപ്പ് നിർദ്ദേശ പ്രകാരവും അഡ്മി ഷൻ നൽകിവരുന്നു.

## വിദ്യാലയ മികവുകൾ

* ഇതു വരെ എസ്. എസ്. എൽ.സിക്ക് 100 മേനിവിജയം * USS പരീക്ഷകൾക്ക് തിളക്കമാർന്ന വിജയം.

*ഉപജില്ലാ റവന്യൂജില്ല, സംസ്ഥാനതലം വരെ സജീവ പങ്കാ ളിത്തവും വിജയവും സംസ്ഥാന തലത്തിൽ പങ്കെടുത്ത 71 കുട്ടികളും A ഗ്രേഡ് നേടുകയുണ്ടായി.

പട്ടിക വർഗ്ഗ വകുപ്പ് നടത്തുന്ന കളിക്കളം,സർഗ്ഗോത്സവം എന്നീ പരിപാടികളിൽ മികച്ച പങ്കാളിത്തവും വിജയവും

* മികച്ച നിലവാരം പുലർത്തുന്ന ബാന്റ് ട്രൂപ്പ്

* മികവുറ്റ കായിക പരിശീലനം

* മികച്ച കെമസ്ട്രി,ഫിസിക്സ്, ബയോളജി ലാബുകൾ *6000/അധികം പുസ്തക ശേഖരണമുള്ള മികവാർന്ന ലൈബ്രറി,

*മെച്ചപ്പെട്ട കമ്പ്യൂട്ടർ ലാബ്.

* ഐ.സി.ടി.സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന പാഠവിനിമയം

*കൗൺസിലിംഗ് നടത്തുന്നു.

* വിദ്യാരംഗം, സോഷ്യൽ സയൻസ്, ടാലന്റ് സെർച്ച് പരീക്ഷ, ഊർജ്ജോത്സവം വിവിധ ക്വിസ് പരിപാടികളിൽ പങ്കാളിത്തം മികച്ച സമ്മാനങ്ങൾ നേടുന്നു.

*എസ്.പി.സി, ഹയർസെക്കണ്ടറി കുട്ടികൾക്ക് NSS എന്നീ വിവിധ പ്രവർത്തനം

* മലയാളം ,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകളിൽ സ്കൂൾ അസംബ്ലി, വിവിധ സമിതികളുടെ സഹായത്തോടെയുള്ള മോട്ടിവേഷൻ,കരിയർ ഗൈഡൻസ്, ക്ലാസുകൾ, അഞ്ചു മുതൽ ഒൻപതു വരെയുള്ള എഴുത്തും വായനയും അറിയാത്ത കുട്ടികളെ എഴുത്തും വായനയും അഭ്യസിപ്പിക്കുന്നതിനുവേണ്ടി 'മലയാളത്തിനകം' എന്ന പരിശീലന പരിപാടി ആവിഷ്കരിക്കുകയുണ്ടായി.

* ഇംഗ്ലീഷ്, ഗണിതം എന്നിവയ്ക്ക് പരിഹാര ബോധവർക്കരണ ക്ലാസ്സുകൾ.

* ചിത്രരചന, ബുക്ക് ബയിന്റിംഗ് തുടങ്ങിയവയ്ക്ക് കലാധ്യാപ കന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തനം.

• ORC ക്ലാസുകൾ

*സ്കൂൾ തല കലാ-കായിക-ശാസ്ത്ര-പ്രവർത്തി പരിചയ മേളകൾ.

* വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, ബോധവത്കരണ ക്ലാസുകൾ ഫീൽഡ് ചെസ് മത്സരങ്ങൾ ട്രിപ്പുകൾ നടത്തപ്പെടുന്നു.

## <u>സ്കൂൾ വിവരങ്ങൾ</u>

| | |
|---|---|
| റവന്യൂ ജില്ല | : പത്തനംതിട്ട |
| ഉപജില്ല | : പത്തനംതിട്ട |
| സ്കൂളിന്റെ പേര് | : ഗവ: മോഡൽ റസിഡൻഷ്യൽ സ്കൂൾ |
| സ്കൂൾ കോഡ് | : 38107 |
| മേൽവിലാസം | : ഗവ: മോഡൽ റസിഡൻഷ്യൽ സ്കൂൾ,<br>പേഴും പാറ പി.ഒ വടശ്ശേരിക്കര<br>പത്തനംതിട്ട ജില്ല 689662 |
| ഫോൺ നമ്പർ | : 04735251153,9497051153 |
| ഇമെയിൽ | : mrs vadasserikkara@gmail.com |
| ഗ്രാമ പഞ്ചായത്ത് | :വടശ്ശേരി ക്കര |
| മാനേജ്മെന്റ് | :പട്ടിക വർഗ്ഗ വികസന വകുപ്പ് |
| ക്ലാസ്സുകൾ | : 5- 12 |
| പഠന മാധ്യമം | :മലയാളം |
| **ഗ്രാമ പഞ്ചായത്ത്** | **: വടശ്ശേരിക്കര** |

**മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര**

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**യു.പി.വിഭാഗം**

**വിഷയം : മലയാളം**

**വർഷം : 2025- 2026**

| ക്രമ നമ്പർ | വിഷയം | മേഖല | പ്രവർത്തനം | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | മലയാളം | വായന UP തലം | അക്ഷരപഠനം | ജൂൺ-ഡിസംബർ) ആഗസ്റ്റ് മാർച്ച് | അധ്യാപകർ | |
| 2 | മലയാളം | വായന UP തലം | വായ്യൊഴിക്കാലം പുസ്തകവിതരണം | ജൂൺ-മാർച്ച് | അധ്യാപകരും കുട്ടികളും | |
| 3 | മലയാളം | വായന UP തലം | അമ്മ മലയാളം കഥ,കവിത, രചനാ മത്സരം, വായനാ മത്സരം തനത് കലാത്ര പങ്ങൾ | ദീർഘകാലം | അധ്യാപകരും കുട്ടികളും | 2000 രൂപ |
| 4 | മലയാളം | വായന UP തലം | ഭാഷാഭി രുചി വളർത്തൽ എഴുത്ത് പോസ്റ്റർ | ദീർഘകാലം | അധ്യാപകരും കുട്ടികളും | 5000 രൂപ |
| 5 | മലയാളം | വായന UP തലം | പദ നിർമ്മിതി ആസ്വാ ദന കുറുപ്പ് | ദീർഘകാലം | അധ്യാപകരും കുട്ടികളും | |
| 6 | മലയാളം | വായന UP തലം | നാടക ശില്പ | ദീർഘകാലം | അധ്യാപകരും കുട്ടികളും | |

**മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര**

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**H S വിഭാഗം**

**വിഷയം : മലയാളം**

**വർഷം : 2025- 2026**

| ക്രമ നമ്പർ | മേഖല | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | അക്ഷരപഠനം തുടർപഠനം വായനാക്കുറിപ്പ് | ജൂൺ-ഡിസംബർ | അധ്യാപകരും കുട്ടികളും | |
| 2 | രചനാ മത്സരങ്ങൾ വായനാ മത്സരങ്ങൾ ആലാപന മത്സരങ്ങൾ | ജൂൺ-ഡിസംബർ | അധ്യാപകരും കുട്ടികളും | 2000 രൂപ |
| 3 | സാഹിത്യ ക്ലബ് ക്ലാസ് മാഗസിൻ | ജൂൺ-ഡിസംബർ | അധ്യാപകരും കുട്ടികളും | 6000 രൂപ |
| 4 | പുസ്തകസ്വാദനം സാഹിത്യ സൃഷ്ടി കളുടെ പ്രസിദ്ധീകരണം, സാഹി ത്യാഭിരുചി വളർത്തൽ | ദീർഘകാലം | അധ്യാപകരും കുട്ടികളും | |
| 5 | നാടക ശില്പശാല | **ദീർഘകാലം** | അധ്യാപകർ | 5000 രൂപ |
| 6 | കാവ്യ കേളി | **ദീർഘകാലം** | അധ്യാപകർ | |
| 7 | അക്ഷര ശ്ലോകം | **ദീർഘകാലം** | അധ്യാപകർ | 20000 രൂപ |

# മോഡൽ റസിഡൻഷ്യൽ സ്കൂൾ വടശ്ശേരിക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : ഹിന്ദി

## വർഷം : 2025- 2026

| കമ നമ്പർ | മേഖല/പ്രവർത്തനം | കാലവധി | സാമ്പത്തികം | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി ഉചിതമായ വായനാ കാർഡുകൾ നൽകി പഠന പിന്നോക്കവസ്ഥ പരിഹരി ക്കുന്നു. കൂട്ടക്ഷരങ്ങളും , വാക്കുകളിലൂടെ ചെറു വാക്കുകളും മനസ്സിലാക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ (3 മാസം) | 5000 | അധ്യാപകരും കുട്ടികളും |
| 2 | **ദോപകർ കീ ബതോം**<br>ഹിന്ദി ഭാഷയിൽ ആശയ വിനിമയശേഷി വർദ്ധിപ്പിക്കുന്ന തിനായി ഉച്ചസമയങ്ങളിൽ ഹിന്ദിയിൽ മാത്രം കുട്ടികളും അധ്യാപകരും സംസാരിക്കുന്നു. | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 3 | **ഹിന്ദിസഭ**<br>രണ്ട് മാസത്തിൽ ഒരു ദിവസം ഹിന്ദി ഭാഷയിലുള്ള കഥ, കവിത തുടങ്ങിയ അവതരണ സ്വഭാവമുള്ള പരിപാടികൾ അവതരിപ്പിക്കുന്നതിനായി വേദി ഒരുക്കുന്നു | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 4 | **ഹിന്ദി അസംബ്ലി**<br>മാസത്തിൽ ഒരു ദിവസം പൂർണ്ണമായും ഹിന്ദി അ അസംബ്ലി | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 5 | **ഹിന്ദി ഉത്സവ്**<br>വർഷാന്ത്യത്തിൽ ഒരു ദിവസം ഹിന്ദി ഭാഷാ പഠനത്തിലൂടെ നേടിയ അറിവുകളും ആശയങ്ങളും ഒരു തവണ പൊതുവേ ദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | ഒരു തവണ | 10000 | അധ്യാപകരും കുട്ടികളും |

# മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : ഇംഗ്ലീഷ്

## വർഷം : 2025- 2026

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലവധി | സാമ്പത്തികം | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് | ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വാക്കുകളും വാക്യങ്ങളും വായിക്കുന്നതിനായുള്ള ഉചിതമായരീതിയിൽ കാർഡുകൾ നൽകി ഇംഗ്ലീഷ് ഭാഷാ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | ഒരു വർഷം | 5000 | അധ്യാപകരും കുട്ടികളും |
| 2 | ഇംഗ്ലീഷ് | **മോണിംഗ് ടോക്**<br>ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതി നായി രാവിലെകളിൽ ഇംഗ്ലീഷ് ഭാഷയിൽ മാത്രം കുട്ടികളും അധ്യാപകരും സംസാരിക്കുന്നു. | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 3 | ഇംഗ്ലീഷ് | **ഇംഗ്ലീഷ് വേൾഡ്**<br>മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷയിലുള്ള നാടകം, കഥ, കവിത തുടങ്ങിയ അവതരണ സ്വഭാവമുള്ള പരിപാടികൾ അവതരിപ്പിക്കുന്നതിനായി വേദി ഒരുക്കുന്നു. | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 4 | ഇംഗ്ലീഷ് | **ഇംഗ്ലീഷ് അസംബ്ലി**<br>ആഴ്ചയിൽ ഒരു ദിവസം പൂർണമായും ഇംഗ്ലീഷ് അസംബ്ലി | വർഷം മുഴുവനും | | അധ്യാപകരും കുട്ടികളും |
| 5 | ഇംഗ്ലീഷ് | **ഇംഗ്ലീഷ് ഫെസ്റ്റ്**<br>വർഷാന്ത്യത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷാ പഠനത്തിലൂടെ വർഷത്തിൽ നേടിയ അറിവുകളും ആശയങ്ങളും ഒരു തവണ പൊതുവേദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | ഒരു വർഷം | 10000 | അധ്യാപകരും കുട്ടികളും |

**മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര**

**<u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>**

**<u>വിഷയം : ഗണിതം</u>**

**<u>വർഷം : 2025- 2026</u>**

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ഗണിതശാസ്ത്രം:- 2025-2026

## Vision

താരതമ്യേന ബുദ്ധിയുള്ള ആലോചന ശേഷിയുള്ള ,പ്രശ്നപരിഹാര ശേഷിയുള്ള, ഉത്തരവാദിത്വമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിതശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

*എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും സാങ്കേതികവിദ്യയുടെ സഹായത്തോടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ അധ്യാപനം നടത്തുന്നു

*പഠനം ആസാധ്യകരവും പ്രായോഗികവും ആക്കുവാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

*ഗണിതശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കുവാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

| Month | Academic -focus | | | Non Academic Highlights |
|---|---|---|---|---|
| | Class 8 | Class 9 | Class 10 | |
| June | ചതുഷ്കിയ അവബോധന പരിശോധനയും പരിഹാരബോധനവും, വർഗ്ഗങ്ങൾ തുല്യകോണങ്ങൾ, ക്ലാസ് ടെസ്റ്റ് പരിഹാരബോധനവും | ചതുഷ്കിയ അവബോധന പരിശോധനയും പരിഹാരബോധനവും, സമവാക്യ ജോഡി ,ബ്രിഡ്ജ് ദശാംശരൂപങ്ങൾ, പുതിയ സംഖ്യകൾ ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം | ചതുഷ്കിയ അവബോധന പരിശോധനയും പരിഹാരബോധനവും, സമാന്തരശ്രേണികൾ ,വൃത്തങ്ങളും കോണുകളും ക്ലാസ് ടെസ്റ്റ്, പരിഹാരബോധനവും | ജൂൺ 19 പാസ്കൽ ജന്മദിനാചരണം |
| July | തുല്യ ത്രികോണങ്ങൾ വർഗ്ഗ സമവാക്യങ്ങൾ ബഹുപദങ്ങൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | പുതിയ സംഖ്യകൾ ബ്രിഡ്ജ് ത്രികോണ പരപ്പളവ് സമാന്തരവരകൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | വൃത്തങ്ങളും കോണുകളും സമാന്തരശ്രേണിയും ബീജഗണിതവും സാധ്യതകളുടെ ഗണിതം ക്ലാസ് ടെസ്റ്റ് പരിഹാര ബോധനവും | ക്ലബ്ബ് ഉദ്ഘാടനം,പൈ ദിനാചരണം ജൂലൈ 22 |
| August | വർഗ്ഗ സമവാക്യങ്ങൾ ബഹുപദങ്ങൾ ഒന്നാം പാദവാർഷിക പരീക്ഷ പി ടി എം | ഗുണന സമവാക്യങ്ങൾ അഭിന്നക ഗുണനം ഒന്നാം പാദവാർഷിക പരീക്ഷ പിടിഎ | രണ്ടാം കൃതി സമവാക്യങ്ങൾ ത്രികോണമിതി ഒന്നാം പാദവാർഷിക പരീക്ഷ | ജോമട്രിക്കൽ ചാർട്ട് നമ്പർ ചാർട്ട് നിർമിതി |
| September | സമവാക്യ പരിഹാരം പുതിയ സംഖ്യകൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | അഭിന്നകഗുണനംസദൃശ്യ ത്രികോണങ്ങൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | ത്രികോണമിതി സൂചകസംഖ്യകൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | അധ്യാപക ദിനാചരണം |
| October | പുതിയ സംഖ്യകൾ തുടർച്ച ,സമഭാജികൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനവും ഭാഗം 2 പാഠഭാഗങ്ങൾ | സദൃശ്യ ത്രികോണങ്ങൾ തുടർച്ച ബ്രിഡ്ജ് വൃത്തങ്ങൾ ന്യൂനസംഖ്യകൾ വൃത്തങ്ങളുടെ അളവുകൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | ഭാഗം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ഗണിത പസിൽ അവതരണം,സബ്ജില്ലാ ഗണിത മേളയ്ക്ക് കുട്ടികളെ സജ്ജമാക്കു സജ്ജമാക്കുക |

| | | | | |
|---|---|---|---|---|
| November | ഭാഗം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | രേഖീയ സംഖ്യകൾ ബഹുപദങ്ങൾ ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | ഭാഗം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | നവംബർ 4 ശകുന്തള ദേവി ദിനാചരണം നവംബർ 23 ഫിബോനാ കീ ദിനാചരണം |
| December | ഭാഗം 2 പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ പിടി എ | വൃത്തഭാഗങ്ങൾ ഭാഗം 2 പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ പിടിഎ | ഭാഗം 2 പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്ന അർദ്ധവാർഷിക പരീക്ഷ പി ടി എ | ഡിസംബർ 22 ശ്രീനിവാസ രാമാനുജൻ ദിനാചരണം |
| January | ഭാഗം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റും പരിഹാര ബോധനവും | സ്തംഭങ്ങൾ ബഹുപ ദചിത്രങ്ങൾ അനുപാതം ക്ലാസ് ടെസ്റ്റും പരിഹാരബോധനവും | വിജയഭേരി | ജനുവരി 17 dr കാ പ്രേക്കർ ദിനാചരണം |
| February | ഭാഗം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റും റിവിഷനും | അനുപാതം സ്ഥിതി വിവരക്കണക്ക് ക്ലാസ് ടെസ്റ്റ് റിവിഷൻ | റിവിഷൻ മോഡൽ പരീക്ഷ പിടിഎ | ഗണിത പ്രദർശനം |
| March | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് തിരഞ്ഞുനോട്ടം |

## മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : സോഷ്യൽ സയൻസ്

## വർഷം : 2025-26

| ഉപ മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| മോക് പാർലമെന്റ് | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പത്രിക സമർപ്പണം ,പ്രചരണം ഐസിടി സഹായത്തോടെയുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം പാർലമെന്റ് സംഘടിപ്പിക്കൽ | ആഗസ്റ്റ്- സെപ്റ്റംബർ | | എസ് എസ് അധ്യാപകൻ സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |
| ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങക്കള്ള സാമൂഹിക പ്രാധാന്യം മനസ്സിലാക്കൽ | ജൂൺ മുതൽ മാർച്ച് വരെയുള്ള സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക | ജൂൺ- -മാർച്ച് | എസ് എസ് അധ്യാപകൻ എസ് ടി വകുപ്പ് | എസ് ആർ ജി എസ് എസ് ക്ലബ്ബ് |
| സംവാദം,സെമിനാർ | ആനുകാലിക പാഠപുസ്തക വിഷയങ്ങളിൽ കൂടുതൽ അറിവ് നേടുന്നതിന് | സാമൂഹ്യശാസ്ത്ര ക്ലാസിൽ തിരഞ്ഞെടുത്തു വിഷയങ്ങളിൽ സംവാദം സെമിനാർ പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | ജൂൺ- ഫെബ്രുവരി മാസത്തിലൊരിക്കൽ | | എസ് എസ് അധ്യാപൻ, കുട്ടികളും |
| ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യശാസ്ത്ര നൂതന | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് വിവരങ്ങൾ പ്രദർശിപ്പിക്കൽ | മാസത്തിൽ രണ്ട് തവണ | | എസ് എസ് അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| | അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | | | | ,എസ് എസ് ക്ലബ്ബ് |
| ലൈബ്രറി കോർണർ | സാമൂഹ്യശാസ്ത്ര പഠനം സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിന് | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ തുടങ്ങിയ ലൈബ്രറിയിൽ സൂക്ഷിച്ച വിതരണം ചെയ്യൽ ക്ലാസ്സിൽ ഉപയോഗിക്കൽ | മാസത്തിൽ ഒരുതവണ | ലൈബ്രറി ഫണ്ട് | എസ് എസ് അധ്യാപൻ, ലൈബ്രേറിയൻ |
| പഠനയാത്ര | പാഠപുസ്തകത്തിലെ ചരിത്രസ്മാരകങ്ങളെ കുറിച്ച് കൂടുതൽ അറിവ് അറിവ് നേടൽ | സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിലൊരുതവണ | എസ് ടി വകുപ്പ് | എസ് ആർ ജി,എസ് എസ് ക്ലബ്ബ് |

# മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : സയൻസ്

## വർഷം : 2024-25

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലവധി | സാമ്പത്തികം | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1 | വായന (ശാസ്ത്ര അഭിരുചി വളർത്തുക) | ശാസ്ത്ര മാസികകൾ ഉൾക്കൊള്ളുന്ന ശാസ്ത്ര മൂല നിർമ്മാണം | ദീർഘ കാലം | | അധ്യാപകരും വിദ്യാർത്ഥികളും |
| 2 | പരിസ്ഥിതി സംരക്ഷണം | ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം | ദീർഘ കാലം | | അധ്യാപകരും വിദ്യാർത്ഥികളും |
| 3 | പരിസ്ഥിതി സംരക്ഷണം | വൃക്ഷ തൈകളുടെ നടീലും പരിപാലനവും | ദീർഘ കാലം | | അധ്യാപകരും വിദ്യാർത്ഥികളും |
| 4 | മലിനീകരണ നിയന്ത്രണം | പ്ലാസ്റ്റിക് ഉപയോഗം കുറ യ്ക്കാനുള്ള മനോഭാവം സൃഷ്ടിക്കുക | ദീർഘ കാലം | | അധ്യാപകർ |
| 5 | ശാസ്ത്രംപ്രായോഗിക തലത്തിൽകൊണ്ടു വരിക | ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | മധ്യകാലം | | വിദ്യാർത്ഥികൾ |
| 6 | ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര മാഗസിൻ തയ്യാറാക്കുക | മധ്യകാലം | | വിദ്യാർത്ഥികൾ |
| 7 | ശാസ്ത്രതത്വങ്ങൾ പ്രായോഗത്തിൽ കൊണ്ടു വരുക | ശാസ്ത്ര ഉപകരണങ്ങളും മാതൃകകളും നിർമ്മിക്കുക | ഹ്രസ്വകാലം | | വിദ്യാർത്ഥികൾ |

## മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : കലാപഠനം

## വർഷം : 2025-26

| കമ നമ്പർ | മേഖല | പ്രവർത്തനം | കാലവധി | സാമ്പ ത്തികം | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1 | കലാപഠനം | കലയെ അറിയാൻ ചിത്രകലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടൽ പെൻസിൽ ചിത്രരചന | ജൂൺ- ജൂലൈ | | അധ്യാപകരും കുട്ടികളും |
| 2 | കലാപഠനം | നിറങ്ങളിൽ വരമേളം താത്പര്യമുള്ള കുട്ടികളെ യോജിപ്പിച്ച് ചിത്രരചന നടത്തുന്ന തിന് വേണ്ടി സ്ഥലങ്ങൾ ഒരുക്കുന്നു | വർഷം മുഴുവനും | 10000 | അധ്യാപകരും കുട്ടികളും |
| 3 | കലാപഠനം | കരട് ചിത്രീകരണം തയ്യാറാക്കുന്നു | ജൂലൈ - ആഗസ്റ്റ് | | അധ്യാപകരും കുട്ടികളും |
| 4 | കലാപഠനം | ആൽബം നിർമ്മിക്കുന്ന കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | വർഷം | 10000 | അധ്യാപകരും കുട്ടികളും |
| 5 | കലാപഠനം | എവിടെ തിരഞ്ഞാലും | ഒരു വർഷം | 10000 | അധ്യാപകരും കുട്ടികളും |
| 6 | കലാപഠനം | സംഗീത പഠനം | ഒരു വർഷം | 70,000 | കുട്ടികൾ |

**മോഡൽ റസിഡൻഷ്യൽ സ്കൂൾ,വടശ്ശേരിക്കര**

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**വിഷയം : ആരോഗ്യ- കായിക വിദ്യാഭ്യാസം**

**വർഷം : 2025-26**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പ്രവർത്തനങ്ങൾ കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക | കുട്ടികളുടെ കായിക മേഖലയിലുള്ള കഴിവുകൾ കണ്ടെത്തുന്നതിനായി അത്‌ലറ്റിക്സ് ,ഖോ -ഖോ ,സോഫ്റ്റ്ബോൾ ,ഫുട്ബോൾ ,വോളീബോൾ എന്നീ ഗെയിമുകളിൽ സെലക്ഷൻ ട്രയലുകൾ നടത്തുന്നു | ജൂൺ | കായിക അദ്ധ്യാപകൻ , കോച്ചസ് | STDD |
| 2 | കായിക മത്സരങ്ങൾക്കായി കുട്ടികളെ തയാറാക്കുക | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് അന്തർദേശിയ തലത്തിൽ മത്സരിപ്പിക്കുന്നതിന് പരിശീലനം കൊടുക്കുന്നു | ജൂലൈ ,ഓഗസ്റ്റ് | കായിക അദ്ധ്യാപകൻ , കോച്ചസ് | STDD |
| 3 | കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | തിരഞ്ഞെടുത്ത കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടമാക്കാൻ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | കായിക അദ്ധ്യാപകൻ , കോച്ചസ് | STDD |
| 4 | അടുത്ത വർഷത്തെ മത്സരങ്ങൾക്കുള്ള തയാറെടുപ്പുകൾ | കുട്ടികളുടെ ശാരീരികക്ഷമത വർധിപ്പിക്കുന്നതിനും ,വരും വർഷത്തെ മത്സരങ്ങൾക്കും വേണ്ടിയുള്ള പരിശീലനം | ജനുവരി മുതൽ മാർച്ച് വരെ | കായിക അദ്ധ്യാപകൻ | STDD |

## സ്കൂൾ സുരക്ഷ

*ഹയർ സെക്കന്ററി, ഹൈസ്കൂൾ ഹോസ്റ്റൽ എന്നിവിടങ്ങളുടെ സംയുക്ത സുരക്ഷാ സമിതി രൂപീകരിച്ചു.

*സീനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ, മാനേജർ, ഹെഡ്മിസ്ട്രസ് എന്നിവരുടെ നേതൃത്വ ത്തിൽ സമിതി പ്രവർത്തനം ആരംഭിച്ചു.

ഹയർ സെക്കന്ററി കൺവീനർ: മാലിക് എ.,ജയശ്രീ.

*ഹൈ സ്കൂൾ കൺവീനർ: മുരളീധരൻ പിള്ള ബി., മഞ്ജു വി. എസ്. ഹോസ്റ്റൽ കൺവീനർ : സുനീഷ് പി. വൈ.,ചന്ദ്ര ശേഖർ എസ്.എസ്. പി. സി, എൻ. എസ് എസ്. സംവിധാനങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

*ലക്ഷ്യങ്ങൾ, തീരുമാനങ്ങൾ: സ്കൂളിന്റെയും ഹോസ്റ്റലിന്റെയും സമ്പൂർണ സുരക്ഷ, ജീവനക്കാരുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നിർവഹിക്കുന്നതിനാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിലേക്കായി സുരക്ഷാ രജിസ്റ്റർ എഴുതി സൂക്ഷിക്കാനും സുരക്ഷാ ബോക്സ് സ്ഥാപിക്കാനും തീരുമാനിച്ചു.

*സ്കൂൾ, ഹോസ്റ്റൽ പരിസരത്തുള്ള കാട് വെട്ടിത്തെളിയ്ക്കാനും ഇലക്ട്രിക് സംവിധാനങ്ങൾ സുരക്ഷിതമാക്കാനും ഭൗതിക സാഹചര്യങ്ങൾ സുരക്ഷിതമാക്കുന്നതിനും തീരുമാനിച്ചു.

*വിമുക്തി ക്ലബ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.ഏലിയാസ് കെ.സി.യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

*സമ്പൂർണ രക്ഷകർതൃ ശാക്തീകരണ പ്രവർത്തനങ്ങളും ഇതോടൊപ്പം നടന്നുവരുന്നു. 05.08.2025 ചൊവ്വാഴ്ച സ്കൂളിലെ രക്ഷകർത്താക്കളെ വിളിച്ചു ചേർത്ത് ക്ലാസുകൾ സംഘടിപ്പിച്ചു.

*എസ്.പി.ജി. യോഗം കൂടി.സ്കൂൾ, ഹോസ്റ്റൽ അച്ചടക്കസംബന്ധിയായ വിഷയങ്ങൾ ചർച്ച ചെയ്തു. സുരക്ഷ ബോക്സ് സ്ഥാപിച്ചു. കുട്ടികളിലെ ലഹരി ഉപയോഗം-പരിഹാര മാർഗങ്ങൾ രക്ഷകർതൃശാക്തീ തീകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

## കലാ പഠനം

1.പാഠ പുസ്തകത്തിനു അനുസൃതമായി കലാപഠന ക്ലാസുകൾ , ചിത്ര ശിൽപ്പകല , സംഗീതം ,നാടകം ,നൃത്തം,സിനിമ ,എന്നി അഞ്ചു മേഖലകളെ പാഠപുസ്തകത്തിന്റെ സഹായത്തോടെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു .

2.ചിത്ര ശില്പ കലകളിൽ അഭിരുചിയും താല്പര്യവുമുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കണം .ഇൻസ്റ്റലേഷൻ തുടങ്ങിയ നൂതന കലാരീതികൾ സ്കൂൾ ക്യാമ്പസ്സിൽ ചെയ്യുന്നു .

3.നാടക രചന ,നാടക അവതരണം തുടങ്ങിയ മേഖലകളിൽ അഭിരുചിയുള്ള കുട്ടികളെ ഉൾപ്പെടുത്തി നാടകം ചെയ്യുന്നു ,നാടക പരിശീലന കളരി സംഘടിപ്പിക്കുന്നു.

4.സംഗീതം ,നൃത്തം തുടങ്ങിയ മേഖലകളിൽ അഭിരുചിയുള്ള കുട്ടികൾക്ക് ആ മേഖലയിൽ പരിശീലനം നൽകുന്നു .പരിശീലനത്തിനായി റിസോഴ്‌സ് ഫോൾഡർ , വീഡിയോ കൾ തുടങ്ങിയവ ഉപയോഗിക്കുന്നു

5. തിരക്കഥ രചന ,ഫോട്ടോഗ്രാഫി എഡിറ്റിംഗ് ,ശബ്ദ ലേഖനം ,കലാ സംവിധാനം ,സ്റ്റോറി ബോർഡ് തുടങ്ങി സിനിമയുടെ സാങ്കേതിക വശങ്ങളെ പറ്റി പാഠ പുസ്തകത്തിന്റെയും റിസോഴ്‌സ് ഫോൾഡറിന്റെയും സഹായത്തോടെ ആ മേഖലയിൽ പ്രശസ്തരായ വ്യക്തികളെ ഉൾപ്പെടുത്തി വർക്ക് ഷോപ് സംഘടിപ്പിക്കുന്നു .

## ആവശ്യകതകൾ

*ചിത്രകല ,കാർട്ടൂൺ,തുടങ്ങിയവ വിവിധ മേഖലകളിൽ പ്രശസ്തരായ കലാകാരന്മാരുടെ നേതൃത്വത്തിൽ ക്ലാസ്സുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നു .

*സംഗീതം,നൃത്തം ,നാടകം ,സിനിമ തുടങ്ങിയ വിവിധ കലാ മേഖലകളിൽ പ്രശസ്തരായ കലാകാരന്മാരുടെ നേതൃത്വത്തിൽ

ക്ലാസ്സുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നു .

*കേരളത്തിലെ പരമ്പരാഗത മേഖലയെ പരിചയപെടുത്തുന്നതിനായി ആ മേഖലകളിൽ പ്രശസ്തരായ കലാകാരന്മാരുടെ നേതൃത്വത്തിൽ ക്ലാസ്സുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നു .

* പരമ്പരാഗത കലകളായ ചുവർ ചിത്ര കല ,നാടൻ പാട്ട്,തെയ്യം ,തിറ ,കഥകളി ,പാവക്കൂത്ത് ,കളമെഴുത്ത് തുടങ്ങിയവ പരിചയ പെടുത്തുന്നതിന് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു .

*കലാപഠനം സുഗമവും പ്രയോജനപ്രദവും ആകുന്നതിനായി ഒരു ആർട്ട് ലാബ് ഉണ്ടാകേണ്ടതാണ്

*കുട്ടികളുടെ കലാ സൃഷ്ഠികൾ പ്രദർശിപ്പിക്കുന്നതിനു ഒരു ആർട്ട് ഗാലറി ആവിശ്യമാണ്

## ഉപസംഹാരം

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും വ്യത്യസ്ത സാമൂഹിക-പ്രാദേശിക പശ്ചാത്തലമുള്ള കുട്ടികളാണ് വടശ്ശേരിക്കര എം.ആർ.എസിൽ അഡ്മിഷൻ നേടുന്നത്. ഈ കുട്ടികൾ പലപ്പോഴും ഭാഷയുടെയും, ഗണിതത്തിന്റെയും അടിസ്ഥാന ശേഷികൾ പോലും നേടാത്തത് പഠനപ്രക്രിയയെ സാരമായി ബാധിക്കുന്നു. അടിസ്ഥാനശേഷി വികസനവും അതുവഴി പഠന താത്പര്യവും,പഠനപുരോഗതിയും ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാനാണ് ഈ വിദ്യാലയത്തിലെ അധ്യാപകരും, പി.റ്റി.എ കമ്മറ്റിയും ഉൾപ്പെട്ട സമിതിയും സംയുക്ത ചർച്ച നടത്തി രൂപപ്പെടുത്തിയത്. വിദ്യാർത്ഥികളുടെ ക്ഷേമത്തിനും, പഠന പുരോഗതിക്കും വേണ്ടിയുള്ള ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഫലവത്താക്കാൻ അധ്യാപകരുടെയും, പി.റ്റി.എയുടെയും, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും സമ്പൂർണ്ണ പിന്തുണ നൽകുന്നു.